**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1904** **04-02-2026 - ൽ മറുപടിയ്ക്ക്**

**മോട്ടോർ വാഹനങ്ങളുടെ രൂപമാറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. കെ. എം. അഷ്റഫ്,<br>ശ്രീ. ടി. വി. ഇബ്രാഹിം ,<br>ശ്രീ. പി. അബ്ദുൽ ഹമീദ്,<br>ശ്രീ. കെ. പി. എ. മജീദ്** | | **ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി)** | |
| (എ) | മോട്ടോർ വാഹനങ്ങളിൽ രൂപമാറ്റം വരുത്തി കാതടപ്പിക്കുന്ന ശബ്ദവും അമിത ശബ്ദമുണ്ടാക്കുന്ന എയർ ഹോണും ഉപയോഗിച്ച് വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | ഇത്തരം വാഹനങ്ങളെ കണ്ടെത്തി പിഴ ഈടാക്കാറുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ബി) | വാഹന പരിശോധാവേളയിൽ ഇത്തരം വാഹനങ്ങൾ കണ്ടെത്തിയാൽ അനധികൃത രൂപമാറ്റം നീക്കം ചെയ്ത ശേഷം മാത്രമാണ് സർട്ടിഫിക്കറ്റ് ഓഫ് ഫിറ്റ്നസ്സ് നൽകുന്നത്. കൂടാതെ നിയമ ലംഘനം നടത്തിയതിന്റെ പിഴ ഈടാക്കുകയും ചെയ്യുന്നുണ്ട്. |
| (സി) | വാഹന ഉടമകൾക്കെതിരെ മറ്റ് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (സി) | നിരന്തരമായി നിയമ ലംഘനം നടത്തുന്ന വാഹനങ്ങളുടെ സർട്ടിഫിക്കറ്റ് ഓഫ് ഫിറ്റ്നസ്സ്, PERMIT എന്നിവ റദ്ദ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നുണ്ട്. |
| (ഡി) | ഇത്തരം ശബ്ദമലിനീകരണം തടയാൻ കർശന നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഡി) | നിരോധിത എയർഹോണുകൾ ഉപയോഗിക്കുന്നില്ലെന്ന് ഉറപ്പുവരുത്തുന്നതിനായി കർശന വാഹന പരിശോധന നടത്തിവരുന്നു. ഡെസിബൽ മീറ്റർ ഉപയോഗിച്ചു പരിശോധന നടത്തി നിരോധിത എയർഹോണുകൾ നീക്കം ചെയ്ത് പിഴ അടപ്പിച്ചതിനു ശേഷം മാത്രമേ വാഹനം നിരത്തിൽ ഉപയോഗിക്കുവാൻ അനുവദിക്കുകയുള്ളൂ. കൂടാതെ GST/LSGD വകുപ്പുകളുടെ സഹകരണത്തോടെ ഇത്തരം നിരോധിത എയർ ഹോണുകൾ വിപണനം നടത്തുന്ന സ് ഥാപനങ്ങളുടെ രജിസ്ട്രേഷൻ റദ്ദ് ചെയ്യുന്നതിനുള്ള നടപടി കൈക്കൊണ്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ